©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2018 ഒക്ടോബർ 12<br>12th October 2018<br>1194 കന്നി 26<br>26th Kanni 1194<br>1940 ആശ്വിനം 20<br>20th Aswina 1940 | നമ്പർ<br>No. 2563 |

ഫോറം നമ്പർ 7

[ചട്ടം 18 (1) കാണുക]

വിജ്ഞാപനം

നമ്പർ എ-219/18. *2018 ഒക്ടോബർ 8.*

കേരള സർക്കാർ 4-12-2015-ാം തീയതിയിലെ ജി.ഒ.(പി) 649/15/ആർ.ഡി. നമ്പർ വിജ്ഞാപനപ്രകാരം മലപ്പുറം ജനറൽ സ്ഥലമെടുപ്പ് തഹസിൽദാരെ 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമപ്രകാരമുള്ള മലപ്പുറം ജില്ലയിലെ സ്ഥലമെടുപ്പ് പ്രവർത്തനങ്ങളിൽ കളക്ടറുടെ ചുമതലകൾ നിറവേറ്റുന്നതിനായി നിയമിച്ചിട്ടുള്ളതിനാലും;

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2018.
33/3819/2018/S-12.

നിർദ്ദിഷ്ട സ്ഥലമെടുപ്പ് പ്രവർത്തനത്തിന്റെ പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള കാര്യനിർവാഹകൻ ആയി ഡെപ്യൂട്ടി കളക്ടർ (സ്ഥലമെടുപ്പ്), കളക്ടറേറ്റ്, മലപ്പുറം എന്നവരെ കേരള സർക്കാർ നിയമിച്ചിട്ടുള്ളതിനാലും;

ചുവടെ പട്ടികയിൽ വ്യക്തമാക്കിയിട്ടുള്ള ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത്, വീട്ടിക്കുന്ന് ശുദ്ധജല വിതരണ പദ്ധതിയുടെ സംഭരണി സ്ഥാപിക്കുന്നതിന് ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാർ കാണുന്നതിനാലും;

ഇപ്പോൾ, 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിന്റെ 11-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അറിയിപ്പ് ഇതുമായി ബന്ധപ്പെട്ട ഏതൊരാൾക്കും ഇതിനാൽ നൽകുന്നു;

മേൽ വിജ്ഞാപനം പരസ്യപ്പെടുത്തിയ തീയതിയോ ഇതുമായി ബന്ധപ്പെട്ട പൊതു അറിയിപ്പ് നൽകിയ തീയതിയോ ഏതാണോ അവസാനത്തേത് അതുമുതൽ 15 ദിവസത്തിനുള്ളിൽ മലപ്പുറം പൊതു സ്ഥലമെടുപ്പ് സ്പെഷ്യൽ തഹസിൽദാർ മുമ്പാകെ മേൽ ഭൂമി സംബന്ധിച്ച എല്ലാ തത്പര കക്ഷികളും ഭൂരേഖകൾ നാളതീകരിക്കുന്നത് സംബന്ധിച്ചോ ഭൂമിയുടെ അവകാശം സംബന്ധിച്ചോ ആക്ഷേപങ്ങളെന്തെങ്കിലും ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച പ്രസ്താവന എഴുതി നൽകേണ്ടതാണ്. നിശ്ചിത സമയ പരിധി കഴിഞ്ഞ് ലഭിക്കുന്നതോ ആക്ഷേപകന് ഭൂമിയിലുള്ള താത്പര്യം വ്യക്തമായി പ്രതിപാദിക്കാത്തതോ ആയ ആക്ഷേപങ്ങളോ/പ്രസ്താവനകളോ ഉടനടി നിരസിക്കപ്പെടുന്നതാണ്.

കുടിവെള്ള വിതരണ പദ്ധതിയായതിനാൽ ആയതിന്റെ പ്രാധാന്യം പരിഗണിച്ചും പുനരധിവാസവും പുനഃസ്ഥാപനവും ആവശ്യമായ സാഹചര്യം ഒന്നുംതന്നെ ഈ സ്ഥലമെടുപ്പ് പദ്ധതിയിൽ ഉൾപ്പെട്ട് വരാത്തതിനാലും സമുചിത സർക്കാർ കൂടിയായ ജില്ലാ കളക്ടർ ഈ പദ്ധതിക്ക് സാമൂഹിക പ്രത്യാഘാത പഠനം ഒഴിവാക്കിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

## പട്ടിക

ജില്ല —മലപ്പുറം.
വില്ലേജ്— മഞ്ചേരി.

താലൂക്ക്—ഏറനാട്.
ബ്ലോക്ക് നമ്പർ—51.

(ഏകദേശ വിസ്തീർണ്ണമാണ് കൊടുത്തിരിക്കുന്നത്)

| ക്രമ നമ്പർ | സർവ്വേ നമ്പർ | വിവരണം | വിസ്തീർണ്ണം (ഹെക്ടറിൽ) | പൊതുആവശ്യത്തിന്റെ സ്വഭാവം | ബാധിക്കപ്പെട്ട കുടുംബങ്ങളെ മാറ്റി പാർപ്പിക്കലിന്റെ കാരണം | ഉടമ/തത്പര കക്ഷിയുടെ പേര് |
|---|---|---|---|---|---|---|
| 1 | 87/1 | പുരയിടം (പട്ടണ പ്രദേശം) | 0.0405 | ശുദ്ധജല വിതരണ പദ്ധതി ആവശ്യം | ബാധകമല്ല | അരുൺ, ജെ. ഒ. |

(സാമൂഹിക പ്രത്യാഘാത പഠനം ഈ പദ്ധതിയിൽ ഒഴിവാക്കിയിട്ടുണ്ട്.)

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ബി. എസ്. സുബോധ് കുമാർ,
*സ്ഥലമെടുപ്പ് ഓഫീസർ ആന്റ്*
*സ്പെഷ്യൽ തഹസിൽദാർ,*
*എൽ. എ. (ജനറൽ),*
*മലപ്പുറം.*

ധ